ഭരണഭാഷ- മാതൃഭാഷ

**No.TRY/4311/2024-F4(106210)**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: **19-11-2024**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും
എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാരും

സർ,

വിഷയം: ട്രഷറി വകുപ്പ്-ട്രഷറി സേവിങ്സ് ബാങ്ക്-സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്.

സൂചന: സ.ഉ.(അച്ചടി) നം.**67/2022** ധന. തിയതി **21/06/2022**

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പണം മറ്റു ട്രഷറി അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ട്രാൻസ്ഫർ ചെയ്യാൻ അക്കൗണ്ട് ഉടമയോ/പണം കൈപ്പറ്റുന്നയാളോ/ചെക്ക് ലഭിച്ചിട്ടുള്ള വ്യക്തിയോ ട്രഷറിയെ സമീപിക്കുന്ന പക്ഷം, ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക മാറ്റാനായി **Beneficiary Name, Account Number, Bank & Branch Name, IFS Code** എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങളും ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റാനായി **Beneficiary Name, Account Number** എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങളും **എസ്.ബി ഫോറം നമ്പർ 4(എ)**-യിൽ രേഖപ്പെടുത്തി അക്കൗണ്ട് ഉടമ/ചെക്ക് ലഭിച്ച വ്യക്തി ചുവടെ പറയും പ്രകാരം ഒപ്പിട്ടു ട്രഷറിയിൽ നൽകിയാൽ, പ്രസ്തുത ബാങ്ക്/ട്രഷറി അക്കൗണ്ടിലേയ്ക്ക് ആവശ്യപ്പെട്ട തുക ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതും എസ്.ബി ഫോറം നമ്പർ **4**(എ) ട്രഷറിയിൽ സൂക്ഷിക്കേണ്ടതും കൗണ്ടർഫോയിൽ ട്രഷറി ഓഫീസർ/എസ്.ബി പാസിങ് ഓഫീസർ ഒപ്പ് വച്ച് ചെക്ക് സമർപ്പിച്ചയാളിന് തിരികെ നൽകേണ്ടതുമാണ്.

ഒരു അക്കൗണ്ട് ഉടമ തന്റെ അക്കൗണ്ടിൽ നിന്നും, തന്റെ തന്നെയോ/മറ്റൊരാളിന്റേയോ ബാങ്ക് അക്കൗണ്ടിലേക്കോ/ട്രഷറി

അക്കൗണ്ടിലേക്കോ തുക ട്രാൻസ്ഫർ ചെയ്യുന്നതിനായി ചെക്ക് നേരിട്ട് ട്രഷറിയിൽ ഹാജരാക്കുന്ന പക്ഷം ചെക്കിന്റെ മറുപുറത്തും എസ്.ബി ഫോറം നമ്പർ 4(എ)-യിലും രേഖപ്പെടുത്തിയ വിവരങ്ങളിലും അക്കൗണ്ട് ഉടമ തന്നെ കയ്യൊപ്പ് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

മറ്റൊരാളിന്റെ അക്കൗണ്ടിൽ നിന്നും പണം ലഭിക്കേണ്ടുന്നയാൾ തനിക്ക് ലഭിച്ച/ലഭിക്കേണ്ടുന്ന തുക തന്റെ ബാങ്ക് അക്കൗണ്ടിലേക്കോ/ട്രഷറി അക്കൗണ്ടിലേക്കോ ട്രാൻസ്ഫർ ചെയ്യുന്നതിനായി തന്റെ പേരിൽ ലഭിച്ച ചെക്ക് ട്രഷറിയിൽ ഹാജരാക്കുന്ന പക്ഷം ചെക്കിന്റെ മറുപുറത്തും എസ്.ബി ഫോറം നമ്പർ 4(എ)-യിൽ രേഖപ്പെടുത്തിയ വിവരങ്ങളിലും ചെക്ക് ഹാജരാക്കുന്ന ആൾക്ക് കയ്യൊപ്പ് രേഖപ്പെടുത്തി സമർപ്പിക്കാവുന്നതാണ്.

തുക ട്രാൻസ്ഫർ ചെയ്യുന്നതിനായി ട്രഷറികളിൽ സമർപ്പിക്കപ്പെടുന്ന എല്ലാ ചെക്കുകളും അതാത് ദിവസം തന്നെ പാസ്സാക്കി **e-poc** ഇഷ്യൂ വരെ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് എല്ലാ ട്രഷറി ഓഫീസർമാരും/എസ്.ബി.പാസ്സിങ് ഓഫീസർമാരും ഉറപ്പുവരുത്തിയിരിക്കേണ്ടതാണ്.

ട്രാൻസ്ഫർ ചെക്കുകളോടൊപ്പം സമർപ്പിക്കുന്ന എസ്.ബി. ഫോറം നമ്പർ 4(എ)-യിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർക്കിടയിലും ഇടപാടുകാർക്കിടയിലും വ്യക്തമായ ധാരണ ഇല്ലാത്തതും ട്രാൻസ്ഫർ ചെക്കുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച്ചകൾ സംഭവിക്കുന്നതും വ്യാപകമായ പരാതികൾക്കിടയാക്കുന്നതിനാൽ എല്ലാ ജീവനക്കാരെയും ഇടപാടുകാരെയും മേൽ നിർദ്ദേശങ്ങൾ അറിയിക്കുന്നതിനുള്ള നടപടികൾ എല്ലാ ട്രഷറി ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 19-11-2024 14:05:19

**V SAJAN**
**DIRECTOR**

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229